## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 857      13/06/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ലൂഡി ലൂയിസ്<br>,, എ.റ്റി. ജോർജ്<br>,, ഷാഫി പറമ്പിൽ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകയിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | പ്രസ്തുത പദ്ധതി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; | ബി | പട്ടികവർഗ്ഗ കുടുംബങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് തിരിച്ചറിയൽ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് സർക്കാരിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഒരു അടിസ്ഥാന രേഖയായി ഉപയോഗിക്കാവുന്നതാണ്. |
| സി | ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്? | സി. | പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബനാഥന്റെ ഫോട്ടോയും, മറ്റ് കുടുംബാംഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തി ഒരു തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക എന്നുള്ളതാണ് തിരിച്ചറിയൽ കാർഡ് തയ്യാറാക്കുന്നതിനുള്ള നടപടി. |

സെക്ഷൻ ഓഫീസർ